# STD - VI

## അദ്ധ്യാപക സഹായി

## പാഠം ഒന്ന് ബൈബിൾ ദൈവവചനം ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവവചനം അടങ്ങുന്ന വിശുദ്ധഗ്രന്ഥമായ ബൈബിൾ, ദൈവം നിവേശിത ഗ്രന്ഥമാണ്. അന്ധകാരത്തിൽ കഴിയുന്നവർക്ക് പ്രകാശം നൽകുന്നതാണ് ബൈബിൾ.

വിശുദ്ധഗ്രന്ഥമായ ബൈബിളിന്റെ പ്രാധാന്യം മനസ്സിലാക്കി നിത്യവും വായിക്കുകയും, ധ്യാനിക്കുകയും, പ്രഘോഷിക്കുകയും ചെയ്യും.

### പഠന സഹായികൾ

* വചനം: ഹെബ്രാ. 4:12
* ബൈബിൾ
* മറ്റു ബുക്കുകൾ

### ഉള്ളടക്കം

* കുട്ടികൾക്ക് മറ്റ് ബുക്കുകൾ നൽകി, ബൈബിളും മറ്റു ബുക്കുകളും തമ്മിലുള്ള വ്യത്യാസം കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്നു. ബൈബിൾ പ്രതിഷ്ഠ നടത്തുന്നു.
* പിതാവായ ദൈവത്തിന്റെ വചനമടങ്ങുന്ന വിശുദ്ധ ഗ്രന്ഥത്തെ നാം ബൈബിൾ എന്നു വിളിക്കുന്നു.
* അന്ധകാരത്തിൽ കഴിയുന്നവർക്ക് പ്രകാശം നൽകുന്ന ദൈവ-മനുഷ്യവചനമാണ് ബൈബിൾ
* ക്രൈസ്തവരുടെ മതഗ്രന്ഥമായ ബൈബിൾ പരിശുദ്ധാത്മാവിന്റെ നിരന്തരമായ സാഹയത്താലും പ്രചോദനത്താലും മനുഷ്യകരങ്ങളാൽ എഴുതപ്പെട്ടതും, തിരുസഭ അംഗീകരിച്ചിട്ടുള്ളതുമായ പുസ്തകമാണ്.
* ചെറിയ പുസ്തകങ്ങൾ എന്നർത്ഥം വരുന്ന 'ബിബ്ലിയ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്കുണ്ടായത്.
* വി. ക്ലമന്റിന്റെ രചനകളിലാണ് 'ബൈബിൾ' എന്ന പദം ആദ്യമായി കാണപ്പെട്ടത്.
* ഹെബ്രാ. 4:12

### പ്രാർത്ഥന

അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ് എന്നരുൾചെയ്ത ദൈവമേ, ജീവിതമാകുന്ന ഈ യാത്രയിൽ, സംഭവിക്കുന്ന സന്തോഷങ്ങൾ,

തടസ്സങ്ങൾ, വഴിതെറ്റിക്കുന്ന ശക്തികൾ എന്നിവ കടന്നുവരുമ്പോൾ ഞങ്ങളുടെ കൂടെ നടക്കുന്ന ദൈവത്തിന്റെ ശബ്ദം വചനത്തിലൂടെ തിരിച്ചറിയുന്നതിനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ആമേൻ.

**ചോദ്യങ്ങൾ**

1. ദൈവത്തിന്റെ വചനമടങ്ങുന്ന വി. ഗ്രന്ഥം ഏത്?
2. ആരുടെ പ്രചോദനത്താലും, സഹായത്താലുമാണ് ബൈബിൾ എഴുതപ്പെട്ടത്?
3. ബിബ്ലിയ എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം എന്ത്?
4. ബൈബിൾ എന്ന പദം ആരുടെ രചനകളിലാണ് ആദ്യമായി കാണപ്പെട്ടത്?
5. വി. പൗലോസ് ഹെബ്രായർക്ക് എഴുതിയ ലേഖനം 4:12-ൽ ദൈവത്തിന്റെ വചനത്തെപ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നത്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന്   ബൈബിൾ ദൈവവചനം ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവവും മനുഷ്യനും തമ്മിലുള്ള ആഴമായ സ്നേഹബന്ധം ഊട്ടിയുറപ്പിക്കാൻ ബൈബിൾ നമ്മെ സഹായിക്കുന്നു. ബൈബിളിലെ വചനങ്ങൾ വായിച്ച് ഗ്രഹിക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനും ശ്രമിക്കും.

### പഠനസഹായി

* ദൈവ-മനുഷ്യ സ്നേഹബന്ധം ആഴത്തിൽ ഊട്ടിയുറപ്പിക്കുവാൻ ബൈബിൾ സഹായിക്കുന്നു എന്നത് ആധുനിക സോഷ്യൽ മീഡിയ സന്ദേശ കൈമാറ്റ മാധ്യമങ്ങൾ പറഞ്ഞുകൊണ്ട് അവതരിപ്പിക്കാം.
* ബൈബിളിലെ പുസ്തകങ്ങളുടെ പേരുകൾ എഴുതിയ ചാർട്ട്.

### ഉള്ളടക്കം

* ബൈബിളിനെ പഴയനിയമം എന്നും പുതിയനിയമം എന്നും രണ്ടായി തിരിച്ചിരിക്കുന്നു.
* 73 വിശുദ്ധ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറിയാണ് ബൈബിൾ.
* പഴയനിയമം - 46 പുസ്തകങ്ങൾ
  പുതിയനിയമം - 27 പുസ്തകങ്ങൾ
* പഴയനിയമം - ഇസ്രായേലിന്റെ ചരിത്രം
  പുതിയനിയമം - പഴയനിയമത്തിന്റെ പൂർത്തീകരണമായ, ദൈവപുത്രനായ യേശുവിലൂടെയുള്ള രക്ഷയുടെ ചരിത്രം.
* പഴയനിയമം - ഹെബ്രായ ഭാഷ
  പുതിയനിയമം - ഗ്രീക്ക് ഭാഷ
* 1456-ൽ ഗുട്ടൻബർഗ് ആണ് ലോകത്തിൽ ആദ്യമായി അച്ചടിക്കപ്പെട്ട പുസ്തകമായ ബൈബിൾ അച്ചടിച്ചത്.

### പ്രാർത്ഥന

ദൈവമേ, ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും, ആത്മാവിലും, സന്ധിബന്ധങ്ങളിലും, മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും,

നിയോഗങ്ങളേയും വിവേചിക്കുന്നതുമായ അങ്ങയുടെ വചനങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിനും, അതിനനുസരിച്ച് ജീവിക്കുന്നതിനുമുള്ള ശക്തി ഞങ്ങൾക്ക് തരേണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ബൈബിളിൽ എത്ര പുസ്തകങ്ങളാണ് ഉള്ളത്?
2. ബൈബിൾ പ്രധാനമായും എത്രയായി തിരിച്ചിരിക്കുന്നു? ഏതൊക്കെ?
3. ബൈബിൾ എന്ന് പേര് ആദ്യമായി വിളിച്ചത് ആരാണ്?
4. ആദ്യമായി അച്ചടിക്കപ്പെട്ട പുസ്തകം ഏത്?
5. ആരാണ് ആദ്യമായി ബൈബിൾ അച്ചടിച്ചത്?
6. ബൈബിളിനെ എങ്ങനെയൊക്കെ സമീപിക്കണം?